പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6113 10.7.2012-ൽ മറുപടിയ്ക്ക്

## കാർഷിക വികസന സമിതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ചോദ്യം

ശ്രീ. എം. പി. വിൻസെന്റ്
,, പാലോട് രവി
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

(എ) കാർഷിക വികസന സമിതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

മറുപടി

ശ്രീ . കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിനുതകുന്ന പ്ലാൻ, പ്രോജക്ട് ഇവയുടെ തയ്യാറാക്കൽ, കർഷകർ, കൃഷി രീതികൾ, മണ്ണ് എന്നിവയുടെ സ്ഥിതി വിവര കണക്കുകളുടെ വ്യക്തമായ വിവരം ശേഖരിക്കൽ അതാത് പ്രദേശത്തിന് അനുയോജ്യമായതും, കാർഷിക വികസനത്തിനുതകുന്നതുമായ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിക്കുയും അത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളെ ഗവൺമെന്റ് മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുക്കുക, കൃഷി വകുപ്പിലെ വിവിധ പദ്ധതികളുടെ പരിധിയിൽപ്പെടുത്തി നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഉറപ്പാക്കുകയും ചെയ്യുക, വിവിധ കാർഷിക പരിപാടികളുടെ മൂല്യനിർണ്ണയം, വിലയിരുത്തൽ തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായും, വിജയകരമായും നടത്തുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക, പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ അടിയന്തിര സഹായം എത്തിക്കുന്നതിന് കൂട്ടായ നടപടികൾ സ്വീകരിക്കുക, കൃഷി മേഖലയ്ക്ക്

| | | | |
|---|---|---|---|
| | | | ഉപയോഗ്യമാകുന്ന ക്രെഡിറ്റിന്റെ വിലയിരുത്തലും മോണിറ്ററിംഗും, ഗുണനിലവാരമുള്ള ജൈവ വളങ്ങളുടെ ലഭ്യത തിട്ടപ്പെടുത്തൽ. |
| (ബി) | ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) & (സി) | ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത്, ജില്ലാ തലങ്ങളിൽ കാർഷിക വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | അതാത് തലത്തിൽ കാർഷിക വികസന പരിപാടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക യും, ഫലപ്രദമായ നിർവ്വഹണത്തിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക യും ചെയ്യാറുണ്ട്. യോഗത്തിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗ ങ്ങൾക്ക് സിറ്റിംഗ് ഫീ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**